"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ്-കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.202/2026/CLAD തീയതി, തിരുവനന്തപുരം, 05-03-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.04/2024/സാം.കാ.വ. തീയതി 07.03.2024
2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 06.01.2026 തീയതിയിലെ 7763/E1/2022/KSFDC/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ 78 കാറ്റഗറികളിലെ 152 സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പിലാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 1, 2 എന്നിവ പ്രകാരം ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.07.2019 ആയിരിക്കുമെന്നും ഉത്തരവ് തീയതി വരെയുള്ള കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പിന്നീട് തീരുമാനിക്കുന്നതാണെന്നും രേഖപ്പെടുത്തിയിരുന്നു. ആയത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണക്കുടിശ്ശിക തുക അനുവദിച്ച് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) വിതരണം ചെയ്ത സാഹചര്യത്തിൽ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും ചെലവ് കണ്ടെത്തണമെന്നും, ആയതിന് സർക്കാർ ധനസഹായം നൽകുന്നതല്ല എന്നുമുള്ള നിബന്ധനയ്ക്ക് വിധേയമായി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശികയുടെ 50% അനുവദിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ,

തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്.പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (2618242/PU-C2/155/2023-FIN Dated 04.03.2026)
കരുതൽ ഫയൽ (A3/3/2026-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 05-03-2026 15:14:37